**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതി - ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെ പോയ പട്ടികജാതി/പട്ടിക വർഗ്ഗ/ മത്സ്യ തൊഴിലാളി വിഭാഗത്തിലുള്ള അർഹരായ ഗുണഭോക്താക്കളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച പ്രവർത്തന കലണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No.1992/2020/LSGD തീയതി,തിരുവനന്തപുരം, 22/10/2020

---

പരാമർശം:- 1 സ.ഉ(സാധാ)നം.88/2020/ത.സ്വ.ഭ.വ തീയതി, 28/05/2020

2 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 12/10/2020, 22.10.2020 തിയതികളിലെ എൽ.എം.1946/2019ലൈഫ് നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെ പോയ പട്ടികജാതി/പട്ടിക വർഗ്ഗ/ മത്സ്യ തൊഴിലാളി വിഭാഗത്തിലുള്ള അർഹരായ ഗുണഭോക്താക്കളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നിയമാനുസരണ നടപടികൾ സ്വീകരിച്ച് ഇവരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പ്രവർത്തന കലണ്ടറായി ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കളുടെ അർഹതാ പരിശോധന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർത്തീകരിച്ച് അന്തിമ ലിസ്റ്റ്, ഇതിലേക്കുള്ള സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ടി ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുള്ള പുതുക്കിയ പ്രവർത്തന കലണ്ടർ അംഗീകരിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് പരാമർശം (2)പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിൻപ്രകാരം ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെ പോയ പട്ടികജാതി/പട്ടിക വർഗ്ഗ/ മത്സ്യ തൊഴിലാളി വിഭാഗത്തിലുള്ള

അർഹരായ ഗുണഭോക്താക്കളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ലൈഫ് മിഷൻ സമർപ്പിച്ച ചുവടെ ചേർക്കുന്ന പ്രവർത്തന കലണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>പ്രവർത്തന കലണ്ടർ</u>**

| | | |
|---|---|---|
| 1 | കരട് പട്ടിക പ്രസിദ്ധപ്പെടുത്തൽ (അർഹരുടെയും അനർഹരുടെയും ) | 2020 ഒക്ടോബർ 23-നകം |
| 2 | തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ആക്ഷേപങ്ങൾ സ്വീകരിക്കൽ | 2020 ഒക്ടോബർ 23-മുതൽ 27 വരെ |
| 3 | തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ആക്ഷേപങ്ങൾ തീർപ്പാക്കൽ | 2020 ഒക്ടോബർ 28-നകം |
| 4 | ഗ്രാമ സഭ അംഗീകാരം | 2020 ഒക്ടോബർ 30 |
| 5 | തദ്ദേശ സ്ഥാപന അംഗീകാരവും അന്തിമ പട്ടിക പ്രസിദ്ധപ്പെടുത്തൽ | 2020 ഒക്ടോബർ 31 |
| 6 | ഗുണ ഭോക്താക്കളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ വയ്പ്പിക്കൽ | 2020 നവംബർ 1 മുതൽ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ ,തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്)കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

പകർപ്പ്

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ്മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു.ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു.മത്സ്യബന്ധനവും തുറമുഖവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു.പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക് .

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക് .

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by REENAMMA P A
Date: 2020.10.22 15:46:24 IST
Reason: Approved

സെക്ഷൻ ഓഫീസർ